(ബി) ഇവയിൽ എത്ര കേസ്സുകളിൽമേൽ വിചാരണ പൂർത്തീകരിച്ചിട്ടുണ്ട് ; ഇതിൻ പ്രകാരം ശിക്ഷിക്കപ്പെട്ട കേസ്സുകളുടെ എണ്ണമെത്ര എന്ന് അറിയിക്കാമോ ;

(സി) എത്ര കേസ്സുകളിൽ ചാർജ് ഷീറ്റുകൾ ഫയൽ ചെയ്യാൻ ഉണ്ടെന്നു വ്യക്തമാക്കാമോ ;

(ഡി) കേസ് അന്വേഷണത്തിലും വിചാരണയിലും അനാവശ്യമായ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) സർക്കാർഭാഗം നിരന്തരം പരാജയപ്പെടുന്ന കേസ്സുകളിൽ അന്വേഷണ ഉദ്യോഗസ്ഥരുടെയും സർക്കാർ അഭിഭാഷകരുടേയും ഭാഗത്തു നിന്നും വീഴ്ചയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) 698

(ബി) 5 കേസ്സുകളിൽ വിചാരണ പൂർത്തീകരിച്ചിട്ടുണ്ട്. 4 കേസ്സുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്.

(സി) 467 കേസ്സുകളിൽ ചാർജ്ഷീറ്റുകൾ ഫയൽ ചെയ്യുവാനുണ്ട്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ചന്ദന ഫാക്ടറികൾ

109 (1164) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ചന്ദനഫാക്ടറികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ചന്ദനക്കള്ളക്കടത്ത്, ചന്ദന ഫാക്ടറികൾ എന്നിവയുടെ മറവിൽ വൻതോതിലുള്ള അഴിമതി നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ചന്ദനമോഷണം, ചന്ദനം കള്ളക്കടത്ത് അനധികൃത ചന്ദന ഫാക്ടറികൾ എന്നിവയുമായി ബന്ധപ്പെട്ട് കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) ഈ കേസുകളിലെ പ്രതികളുടെ പേരു വിവരം വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1. സൗത്ത് ഇൻഡ്യൻ പെർഫ്യൂംസ്.

2. വീനസ് ഇൻഡസ്ട്രീസ്.

3. വുഡ്ലൈൻ എക്സ്പോർട്സ്.

LIBRARY ARCHIVES Kerala Legislative Assembly

4. വാളയാർ റൂറൽ ഇൻഡസ്ട്രീസ്.
5. ഫാത്തിമ പെർഫ്യൂമറി ഇൻഡസ്ട്രീസ്, മഞ്ചേശ്വരം.
6. സ്റ്റാൻഡേർഡ് എസൻഷ്യൽ ഓയിൽ കമ്പനി, നായനാർമൂല.
7. മലനാട് പെർഫ്യൂമറി ഇൻഡസ്ട്രീസ്, നായനാർമൂല.
8. കേരള പെർഫ്യൂമറി, മഞ്ചേശ്വരം.
9. നീർച്ചാൽ പെർഫ്യൂമറി, കാസർഗോഡ്,
10. ഉപ്പള ആരോമാറ്റിക് ഇൻഡസ്ട്രീസ്, ഉപ്പള.
11. ചെമ്മനാട് എസ്സൻഷ്യൽ ഓയിൽ കമ്പനി, ചെമ്മനാട്.
12. എം. എം. എസ്സൻഷ്യൽ ഓയിൽ കമ്പനി, അയ്യൻക്കാവ്.
13. കടൂർ എസ്സൻഷ്യൽ ഓയിൽ കമ്പനി.
14. മലബാർ റൂറൽ ഇൻഡസ്ട്രീസ്.

(ബി) ഇപ്രകാരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ 698 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

സംസ്ഥാന ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള ചന്ദന ഫാക്ടറികൾ

110 (1165) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീമതി രാധാരാഘവൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റിന്റെ ഉടമസ്ഥതയിൽ ചന്ദന ഫാക്ടറികളുണ്ടോ ;

(ബി) ഇല്ലെങ്കിൽ സംസ്ഥാന ഗവൺമെന്റിന് ചന്ദന ഫാക്ടറികൾ സ്ഥാപിക്കുവാൻ ഉദ്ദേശമുണ്ടോ ;

(സി) നിലവിലുള്ള ഏതെങ്കിലും ചന്ദന ഫാക്ടറി ദേശസാൽക്കരിക്കുവാനോ ഏറ്റെടുത്തു നടത്തുവാനോ ഉദ്ദേശമുണ്ടോ ?

ഉത്തരം

(എ) ഇല്ല.

(ബി) സർക്കാർ തലത്തിൽ സ്ഥാപിക്കാൻ ഉദ്ദേശമില്ല. എന്നാൽ വനസംരക്ഷണ സമിതിയും ജില്ലാ പഞ്ചായത്തും സംയുക്തമായി വനം വകുപ്പിന്റെ കൂടി നിർദ്ദേശങ്ങളുടേയും ചില വ്യവസ്ഥകളുടേയും അടിസ്ഥാനത്തിൽ മറയൂരിൽ ഒരു ചന്ദന ഫാക്ടറി തുടങ്ങുന്ന കാര്യം പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly